## പതിനാലാം കേരളനിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.983 — 06.06.2018 ന് മറുപടിയ്ക്ക്.

## വന്യജീവികളുടെ ആക്രമണത്തിൽ പരിക്കേൽക്കുന്നവർക്ക് നൽകിവരുന്ന ധനസഹായം

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.പി.കെ.ബഷീർ<br>ശ്രീ.വി.കെ.ഇബ്രാഹിം കുഞ്ഞ് | അഡ്വ. കെ.രാജു<br>(വനവും, മൃഗസംരക്ഷണവും, മൃഗശാലകളും വകുപ്പമന്ത്രി) |
| (എ) സംസ്ഥാനത്ത് വനാതിർത്തി പങ്കിടുന്ന പ്രദേശങ്ങളിൽ കഴിയുന്ന ജനങ്ങളുടെ ജീവനും സ്വത്തിനും സംരക്ഷണം നൽകുന്നതിന് വനം വന്യജീവി വകുപ്പ് എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കി വരുന്നതെന്ന് വ്യക്തമാക്കുമോ; | (എ) സംസ്ഥാനത്ത് വനാതിർത്തി പങ്കിടുന്ന പ്രദേശങ്ങളിൽ കഴിയുന്ന ജനങ്ങളുടെ ജീവനും സ്വത്തിനും സംരക്ഷണം നൽകുന്നതിന് വനം വന്യജീവി വകുപ്പ് താഴെ പറയുന്ന പദ്ധതികൾ സ്വീകരിച്ചു വരുന്നുണ്ട്.<br>• വനാതിർത്തിയിൽ സൗരോർജ്ജ വൈദ്യുതിവേലികൾ, ആനപ്രതിരോധ കിടങ്ങുകൾ, ആനപ്രതിരോധ മതിലുകൾ എന്നിവയുടെ നിർമ്മാണം.<br>• വനത്തിനു വെളിയിൽ വരുന്ന മൃഗങ്ങളെ തിരിച്ച് വനത്തിനുള്ളിലേക്ക് തെളിച്ചു വിടുന്നതിനുള്ള സംവിധാനത്തോടെ റാപ്പിഡ് റെസ്പോൺസ് ടീമുകൾ രൂപീകരിക്കൽ.<br>• പ്രശ്നക്കാരായ ആനകളെ മയക്കി റേഡിയോ കോളർ ഘടിപ്പിച്ച് സഞ്ചാരപഥം നിരീക്ഷിച്ച് വനാതിർത്തിയിലെ താമസക്കാർക്ക് മുന്നറിയിപ്പ് കൊടുക്കുന്നതിനുള്ള സംവിധാനം.<br>• സ്ഥിരമായി ജനവാസ കേന്ദ്രങ്ങളിലിറങ്ങുന്ന വന്യജീവികളെ മയക്കുവെടി വെച്ചോ, കൂടുകൾ സ്ഥാപിച്ചോ പിടിച്ച് ജനവാസകേന്ദ്രങ്ങളിൽ നിന്നും അകലെയുള്ള വനമേഖലയിലേക്ക് റീ-ലൊക്കേറ്റ് ചെയ്യൽ.<br>• പ്രശ്നബാധിത മേഖലകളിൽ വന്യജീവികളുടെ സഞ്ചാരം നിരീക്ഷിച്ച് എസ്.എം.എസ് മുഖാന്തിരം പ്രദേശവാസികൾക്ക് ജാഗ്രതാ നിർദ്ദേശം നൽകൽ.<br>• വന്യജീവികളെ ആകർഷിക്കുന്ന കൃഷിരീതികൾ ഒഴിവാക്കുന്നതിനായി കർഷകർക്കിടയിൽ അവബോധം സൃഷ്ടിക്കുന്നതിനുള്ള നടപടികൾ. |

- വന്യജീവി ആക്രമണം മൂലമുള്ള കൃഷിനാശം അനുഭവപ്പെടുന്ന വനത്തിനകത്തുള്ള സെറ്റിൽമെന്റുകളിൽ നിന്നും കുടുംബങ്ങളെ നഷ്ടപരിഹാരം നല്കി അവരുടെ സമ്മതത്തോടെ മാറ്റിപ്പാർപ്പിക്കുന്നതിനുള്ള നടപടികൾ.
- വനത്തിനകത്ത് വന്യമൃഗങ്ങൾക്ക് ജലവും ഭക്ഷണവും ലഭ്യമാക്കുന്നതിന് ജലസംഭരണികളും ചെക്ക് ഡാമുകളും നിർമ്മിക്കുന്നതിനും വനവല്കരണം നടത്തുന്നതിനുമുള്ള നടപടികൾ.
- ജനവാസമേഖലയിൽ പ്രശ്നങ്ങളുണ്ടാക്കുന്ന കുരങ്ങുകളെ പിടിച്ച മാറ്റാനും നിയമാനുസരണം വന്ധ്യംകരിക്കുവാനും ഉള്ള നടപടികൾ.
- മനുഷ്യ വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിനായി ജനപങ്കാളിത്തത്തോടെ രൂപീകരിച്ച ജനജാഗ്രതാ സമിതികൾ മുഖേനയുള്ള പ്രവർത്തനങ്ങൾ.

(ബി) വന്യജീവികളുടെ ആക്രമണത്തിൽ പരിക്കേൽക്കുന്ന/മരണമടയുന്നവരുടെ ആശ്രിതർക്ക് നൽകിവരുന്ന ധനസഹായം വർദ്ധിപ്പിച്ചിട്ടുണ്ടോ, എങ്കിൽ എത്രയാണെന്ന് വെളിപ്പെടുത്തുമോ;

(ബി) വർദ്ധിപ്പിച്ചിട്ടുണ്ട്. 05.04.2018-ലെ സർക്കാർ ഉത്തരവ് (കൈ)നം.17/2018/വനം പ്രകാരം വർദ്ധിപ്പിച്ച നിരക്ക് ചുവടെ ചേർക്കുന്നു.

| കഷ്ടനഷ്ടങ്ങളുടെ സ്വഭാവം | നിലവിലെ നഷ്ടപരിഹാരത്തുക (രൂപയിൽ) |
|---|---|
| 1. വന്യജീവി ആക്രമണം മൂലമുള്ള മരണം | 10 ലക്ഷം രൂപ |
| 2. വനത്തിനു പുറത്തു വച്ചുള്ള പാമ്പുകടി മൂലമുള്ള മരണം | 2 ലക്ഷം രൂപ |
| 3. വന്യജീവി ആക്രമണം മൂലമുള്ള സ്ഥായിയായ അംഗഭംഗം | 2 ലക്ഷം രൂപ |
| 4. വന്യജീവി ആക്രമണം മൂലം മനുഷ്യർക്കുണ്ടാകുന്ന പരിക്ക് | 1 ലക്ഷം രൂപ പട്ടികവർഗ്ഗക്കാരുടെ കാര്യത്തിൽ പരിധിയില്ലാതെ ചെലവായ മുഴുവൻ തുകയും നൽകും (മെഡിക്കൽ ഓഫീസറുടെ സർട്ടിഫിക്കറ്റിന്റെ വെളിച്ചത്തിൽ). |
| 5. വന്യജീവി ആക്രമണം മൂലമുള്ള വീടു നഷ്ടം, കന്നുകാലി നഷ്ടം | നഷ്ടത്തിന്റെ 100% (പരമാവധി 1 ലക്ഷം രൂപ) |
| 6. വന്യജീവി ആക്രമണം | നഷ്ടത്തിന്റെ 100% (പരമാവധി 1 |

| | | |
|---|---|---|
| | മുലമുള്ള വിളനാശം | ലക്ഷം രൂപ) |
| (സി) ഈ സർക്കാർ നിലവിൽ വന്നശേഷം മലപ്പുറം ജില്ലയിൽ എത്രയാളുകൾക്ക് മേൽപ്പറഞ്ഞ വിധത്തിൽ ധനസഹായം നൽകിയിട്ടുണ്ട്; വിശദാംശം നൽകമോ? | (ഡി) 05.04.2018-ലെ ഉത്തരവ് പ്രകാരം ആർക്കും നാളിതുവരെ ധനസഹായം നൽകിയിട്ടില്ല. മരണമടഞ്ഞ 16 പേരുടെ ആശ്രിതർക്ക് 33.5 ലക്ഷം രൂപയും, പരിക്കേറ്റ 60 പേർക്ക് 19.02 ലക്ഷം രൂപയും, പഴയ ഉത്തരവ് പ്രകാരം ഈ സർക്കാർ നിലവിൽ വന്ന ശേഷം മലപ്പുറം ജില്ലയിൽ നഷ്ടപരിഹാരമായി അനുവദിച്ചിട്ടുണ്ട്. | |

സെക്ഷൻ ഓഫീസർ